ന്ത്രണത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്. ചെറുകിട വ്യവസായങ്ങളിൽ മലിനീകരണ സംവിധാനത്തിൽ ഏറ്റവും അപര്യാപ്തതയുള്ളത് ക്രഷറുകൾക്കാണ്.

(സി) വ്യവസായശാലകളിൽ നിന്നുള്ള മലിനീകരണം നിയന്ത്രിക്കുന്നതിനും നിവാരണമാർഗ്ഗങ്ങൾ ഏർപ്പെടുത്തുന്നതിനുംവേണ്ട നടപടികൾ 1974-ലെ ജലനിയമപ്രകാരവും 1981-ലെ വായു നിയമ പ്രകാരവും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു. വ്യവസായശാലകൾ പുറന്തള്ളുന്ന പാഴ്ജലത്തിലേയും പാഴ് വായുവിലേയും മാലിന്യങ്ങൾക്ക് അനുവദനീയമായ പരിധിയുണ്ട്. ഈ ഗുണനിലവാരം കൈവരിക്കാത്ത അവസരങ്ങളിലും, പാഴ്ജല ശുദ്ധീകരണ സംവിധാനങ്ങൾ ശരിയായ രീതിയിൽ പ്രവർത്തിക്കാത്ത അവസരങ്ങളിലും ജലനിയമപ്രകാരവും വായു നിയമ പ്രകാരവും വ്യവസായങ്ങൾക്ക് ബോർഡ് നൽകുന്ന കൺസന്റിലെ മറ്റു വ്യവസ്ഥകൾ വ്യവസായങ്ങൾ പാലിക്കുന്നില്ല എന്നു കാണുമ്പോൾ ടി വ്യവസായങ്ങൾക്ക് കർശന നിർദ്ദേശം നൽകുകയും അവ നടപ്പിലാക്കാൻ വിമുഖത കാണിക്കുന്ന വ്യവസായശാലകൾ അടച്ചുപൂട്ടിക്കുകയോ അവയുടെ പ്രവർത്തനം പരിമിതപ്പെടുത്തുകയോ ഇവയ്ക്കെതിരെ ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ പരാതി നൽകുകയോ ചെയ്യുന്നു.

24 (*174) പ്ലാസ്റ്റിക് നിരോധനം

ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതിക്ക് ഏറെ ഹാനികരമായ പ്ലാസ്റ്റിക് സഞ്ചികളും മറ്റ് നിത്യോപയോഗ വസ്തുക്കളും നിരോധിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ വസ്തുതകൾ മൂലം അനുഭവപ്പെടുന്ന പരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്ലാസ്റ്റിക് കവറുകളും മറ്റ് വസ്തുക്കളും പരിസ്ഥിതിക്ക് ഹാനികരമാവാത്തവിധം റീസൈക്കിൾ ചെയ്യുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ;

(ഡി) പ്ലാസ്റ്റിക് വസ്തുക്കൾ നിരോധിച്ചാൽ പകരം ഉപയോഗിക്കാവുന്ന ഹാനികരമല്ലാത്ത വസ്തുക്കൾ കണ്ടെത്തുന്നതിനുള്ള ഗവേഷണ പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) സംസ്ഥാനത്തിന്റെ ഏതെങ്കിലും മേഖലയിൽ സമ്പൂർണ്ണപ്ലാസ്റ്റിക് നിരോധനം പരീക്ഷിച്ചിട്ടുണ്ടോ; എങ്കിൽ പരീക്ഷണം വിജയകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്) :

(എ) പ്ലാസ്റ്റിക് നിർമ്മിതമായ സഞ്ചികളും, നിത്യോപയോഗ വസ്തുക്കളും മൊത്തത്തിൽ നിരോധിക്കുവാനല്ല അവയിൽ നിന്നുള്ള പാഴ് വസ്തുക്കൾ നിമിത്തം പരിസ്ഥിതിക്ക് ഹാനിയുണ്ടാക്കാത്ത വിധം നിയന്ത്രിക്കുവാ

LIBRARY ARCHIVES Kerala Legislative Assembly

നാണ് ഉദ്ദേശിക്കുന്നത്. പ്ലാസ്റ്റിക് ബാഗുകളുടെ നിരോധനം, ഉപയോഗം എന്നിവ സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഒരു കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനു മുമ്പായി പ്ലാസ്റ്റിക് സഞ്ചികളും മറ്റും ഘട്ടംഘട്ടമായി നിരോധിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) പ്ലാസ്റ്റിക്കിന്റെ അനിയന്ത്രിതമായ ഉൽപ്പാദനത്തിനും ഉപയോഗത്തിനുമെതിരെ ഉയർന്ന പരാതികളുടെ അടിസ്ഥാനത്തിലും, കേരള പ്ലാസ്റ്റിക് മാനുഫാക്ചറേഴ്സ് അസോസിയേഷന്റെ നിവേദനത്തിന്റെ അടിസ്ഥാനത്തിലും സംസ്ഥാന ഗവണ്മെന്റ് ഒരു വിദഗ്ദ്ധസമിതിയെ നിയമിക്കുകയും സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിയമസഭാ പരിസ്ഥിതി സമിതിയും ഇതു സംബന്ധിച്ച് തെളിവെടുപ്പ് നടത്തിയിട്ടുണ്ട്. കൂടുതൽ പഠനം നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി ഇക്കാര്യം പരിശോധിച്ചിട്ടുണ്ട്.

(ഡി) പ്ലാസ്റ്റിക് വസ്തുക്കൾ നിരോധിച്ചാൽ പകരം ഉപയോഗിക്കാവുന്ന ഹാനികരമല്ലാത്ത ചില വസ്തുക്കളെ കുറിച്ചുള്ള അറിവ് ഇപ്പോൾത്തന്നെയുണ്ട്. ഇത്തരം വസ്തുക്കൾ കണ്ടെത്തുന്നതിനുള്ള ഗവേഷണ പഠനം നടത്താൻ മുൻപോട്ട് വരുന്ന ശാസ്ത്ര സാങ്കേതിക വിദഗ്ധർക്ക് സഹായം കൊടുക്കുന്നുണ്ട്. ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിന് കേന്ദ്ര സർക്കാരിന്റെ പ്രാദേശിക ഗവേഷണകേന്ദ്രം, സംയോജിത ഗ്രാമസാങ്കേതിക കേന്ദ്രം, കേരള യൂണിവേഴ്സിറ്റിയുടെ രസതന്ത്ര വകുപ്പ്, മഹാത്മാഗാന്ധി സർവ്വകലാശാലയുടെ രസതന്ത്രവകുപ്പ് തുടങ്ങിയവരുടെ സഹായവും അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഇ) ശബരിമലയിൽ പ്ലാസ്റ്റിക് കൂടുകൾ ചിതറി കിടന്ന് കുന്നുകൂടുന്നത് കണക്കിലെടുത്ത് ഹൈക്കോടതി നിയമിച്ച സ്പെഷ്യൽ കമ്മിഷണർ അവയുടെ ഉപയോഗം നിരോധിച്ചിരുന്നു. ആ പ്രദേശത്തിന്റെ പ്രത്യേക സാഹചര്യത്തിൽ പ്രസ്തുത നിരോധനം ഫലപ്രദമായിരുന്നു.

25 (*175) നിരോധിച്ച മരുന്നുകളുടെ വിൽപ്പന

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണനിലവാരം കുറഞ്ഞതും മായം ചേർത്തതുമായ എത്ര മരുന്നുകൾ കഴിഞ്ഞ ഒരു വർഷത്തിനടക്ക് നിരോധിച്ചിട്ടുണ്ട്;

(ബി) ലോകാരോഗ്യ സംഘടനയും ഇൻഡ്യാ ഗവണ്മെന്റും നിരോധിച്ച മരുന്നുകൾ ഏതെങ്കിലും കേരളത്തിൽ വിൽപ്പന നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ അവ ഏതല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ മരുന്നുകൾ വിതരണം നടത്തിയ ഏജൻസികൾക്കെതിരെ നടപടിയെടുത്തിട്ടുണ്ടോ;

(ഡി) നിരോധിക്കപ്പെട്ട മരുന്നുകൾ നിർദ്ദേശിക്കുന്ന ഡോക്ടർമാർക്കെതിരെ നടപടി എടുക്കുവാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

LIBRARY ARCHIVES Kerala Legislative Assembly